സംസ്ഥാനം	പെട്രോൾ	ഡീസൽ
തമിഴ്നാട്	27.00%	21.43%
കർണ്ണാടക	25.00%	15.65%
ആന്ധ്രാപ്രദേശ്	31% + Rs. 4 per litre	22.25% + Rs. 4 per litre
തെലങ്കാന	35.20%	27.00%

പെട്രോൾ, ഡീസൽ എന്നിവയിന്മേൽ കേരളം ചുമത്തുന്ന നികുതികൾ ചുവടെ ചേർക്കുന്നു:

ഇനം	പെട്രോൾ	ഡീസൽ
വിൽപ്പന നികുതി	31.80%	24.52%
സാമൂഹ്യ സുരക്ഷാ സെസ്സ്	1% on tax	1% on tax
അധിക വിൽപ്പന നികുതി	Rs. 1 per litre	Rs. 1 per litre

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണിക്കാവുന്നതാണ്.

സേവനാവകാശ നിയമം

118 (3627) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രഷറികളിൽനിന്ന് നൽകുന്ന 45 സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ട്രഷറികളിൽനിന്ന് നൽകുന്ന പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങളും അവ നൽകുന്നതിനുള്ള സമയ പരിധിയും ഉൾപ്പെടെ എല്ലാ വിശദാംശങ്ങളും അടങ്ങിയ ബോർഡുകൾ എല്ലാ ട്രഷറികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ട്രഷറി വകുപ്പിലെ വിവിധ തലത്തിലുള്ള ജീവനക്കാർക്ക് ഘട്ടം ഘട്ടമായി IMG മുഖാന്തരം സേവനാവകാശ നിയമം സംബന്ധിച്ചുള്ള ട്രെയിനിംഗ് നൽകി വരികയാണ്.

(ബി) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മികച്ച സേവനം ഇടപാടുകാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എല്ലാ ട്രഷറികളിൽനിന്നും മാസാവലോകന റിപ്പോർട്ട് ലഭ്യമാക്കി വിലയിരുത്തുന്നുണ്ട്.

ബാലസാന്ത്വനം പദ്ധതി

119 (3628) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബാലസാന്ത്വനം പദ്ധതിയിലൂടെ എത്ര കുട്ടികൾക്കാണ് ചികിത്സ നൽകിയത്; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്; ഏതെല്ലാം സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി വഴി ചികിത്സ ലഭിക്കുന്നത്?

ഉത്തരം

റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന കുട്ടികളുടെ ചികിൽസാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിച്ച് 23/12/2014-ലെ ജി.ഒ.(പി)നമ്പർ 575/2014/ധന. 16-3-2015-ലെ ജി.ഒ.(പി) നമ്പർ 113/2015/ധന. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'ബാലസാന്ത്വനം-2014'. പ്രസ്തുത പദ്ധതി അതിന്റെ ആരംഭഘട്ടത്തിലാണ്. റീജിയണൽ ക്യാൻസർ സെന്ററിന്റെ മേധാവിയുടെ ശിപാർശ/അഭ്യർത്ഥന പ്രകാരമാണ് അർഹതപ്പെട്ട കുട്ടികൾക്ക് ചികിൽസാ സഹായം നൽകുന്നത്. സമാഹരിച്ച തുക പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly